LIBRARY ARCHIVES Kerala Legislative Assembly

പരമ്പരാഗത വ്യവസായമേഖല

27 (*57) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :

ശ്രീ. എളമരം കരീം :

ശ്രീ. വി. ചെന്താമരാക്ഷൻ :

ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായ മേഖലയുടെ നിലവിലെ അവസ്ഥ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പരമ്പരാഗത വ്യവസായമേഖലയെ തകർച്ചയിൽ നിന്നും സംരക്ഷിക്കുന്നതിന് പ്രഖ്യാപിച്ച പദ്ധതികളിൽ യാതൊരു നടപടിയും സ്വീകരിക്കുന്നതിന് ഈ സർക്കാരിനായിട്ടില്ല എന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ;

(സി) പരമ്പരാഗത വ്യവസായ മേഖലയിലെ തകർച്ച തുടരുന്നത് കാരണം പ്രസ്തുത മേഖലയെ മാത്രം ആശ്രയിച്ച് കഴിയുന്നവരുടെ ജീവിതപ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) പരമ്പരാഗത വ്യവസായ മേഖലയുടെ നിലവിലെ അവസ്ഥ വിലയിരുത്തി അവയെ സംരക്ഷിക്കുന്നതിനുള്ള ക്രിയാത്മകമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. കൈത്തറി മേഖലയിൽ ഉൽപ്പാദനവും ഗുണമേന്മയും വർദ്ധിപ്പിച്ചിട്ടുണ്ട്. കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ നൽകുന്നതിനായി ഇൻകം സപ്പോർട്ട് സ്കീമും കൈത്തറി നെയ്ത്തുകാരുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമും നടപ്പിലാക്കി. കശുവണ്ടി മേഖലയിലെ പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെയും സഹകരണ സ്ഥാപനമായ കാപെക്സിന്റെയും നവീകരണത്തിനും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ആധുനിക യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനും ആവശ്യമായ സാമ്പത്തിക സഹായം നൽകി വരുന്നു. പരമ്പരാഗത വ്യവസായ മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ എന്ന പദ്ധതിക്കായി നടപ്പുസാമ്പത്തിക വർഷത്തിൽ 10 കോടി രൂപ സർക്കാർ വകയിരുത്തിയിട്ടുണ്ട്. പരമ്പരാഗത വ്യവസായമായ കയർമേഖലയിൽ ചകിരിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി ചകിരി സംഭരിച്ച് സബ്സിഡി നിരക്കിൽ നൽകുന്നതിനായി കയർഫെഡിന് ധനസഹായം അനുവദിച്ചു കയർമേഖലയിലെ സംരംഭകർക്ക് മാർജിൻമണി വായ്പ നൽകുന്നു. ഖാദി മേഖലയിൽ പ്രത്യേക തൊഴിൽദാന പദ്ധതി പ്രകാരം വിവിധ പരമ്പരാഗത വ്യവസായങ്ങൾക്ക്

സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ട്. ഖാദി സഹകരണ സംഘങ്ങളേയും മറ്റ് ഖാദി സ്ഥാപനങ്ങളെയും പുനരുദ്ധരിക്കുന്നതിനായി സർക്കാർ സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്. ഖാദി തൊഴിലാളികൾക്ക് സർക്കാർ ധനസഹായത്തോടെ മിനിമം വേതനം നൽകിവരുന്നുണ്ട്.

(ബി&സി) ആക്ഷേപം ശരിയല്ല. പരമ്പരാഗത വ്യവസായങ്ങളെ തകർച്ചയിൽ നിന്നും സംരക്ഷിക്കുന്നതിനും ഈ മേഖലയെ ആശ്രയിച്ച് കഴിയുന്നവരുടെ പ്രതിസന്ധികൾ പരിഹരിക്കുന്നതിനുമായി ഒട്ടേറെ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. പരമ്പരാഗത കൈത്തറി മേഖലയിൽ പ്രൊഡക്ഷൻ ഇൻസെന്റീവും ഇൻകം സപ്പോർട്ട് സ്കീമും വഴി വേതന വർദ്ധനവ് വരുത്തി തൊഴിലാളികളെ ഈ മേഖലയിൽ നിലനിർത്തുന്നതിന് പദ്ധതികൾ നടപ്പാക്കി വരുന്നു. കൈത്തറി മേഖലയിലെ സ്വയം തൊഴിൽ പദ്ധതിപ്രകാരം പുതിയ നെയ്ത്ത് തൊഴിലാളികളെ ഈ മേഖലയിലേക്ക് കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ പരിശീലനവും സാങ്കേതിക സഹായവും ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് സാമ്പത്തിക സഹായവും നൽകുന്നുണ്ട്. അസംസ്കൃത സാധനങ്ങൾ വാങ്ങുന്നതിനും കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനും സബ്സിഡികൾ നൽകി വരുന്നു. കൈത്തറി നെയ്ത്തുകാരുടെ സാങ്കേതിക മികവ് വർദ്ധിപ്പിക്കുന്നതിനായി പരിശീലനം നൽകുകയും കഴിയുന്നത്ര മറ്റ് അസംസ്കൃത വസ്തുക്കളും ന്യായമായ വിലയ്ക്ക് യഥാസമയം ലഭിക്കുന്നതിനായി യാൺ ബാങ്കുകൾ പ്രവർത്തിപ്പിക്കുകയും ചെയ്തുവരുന്നു. ഈ നടപടികളുടെ ഫലമായി കൈത്തറിമേഖലയിൽ ഉൽപ്പാദനക്ഷമത വർദ്ധിക്കുകയും ഉൽപാദനം വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. കൈത്തറി വ്യവസായത്തെ പുനരുദ്ധരിക്കുന്നതിനുവേണ്ടി കേന്ദ്രസർക്കാർ ആവിഷ്കരിച്ച റിവൈവൽ, റിഫോംസ് ആന്റ് റീസ്ട്രക്ചറിംഗ് പാക്കേജ് പ്രകാരം അപ്പക്സ് സൊസൈറ്റി, പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ, വ്യക്തിഗ നെയ്ത്തുകാർ എന്നിവർക്ക് ആനുകൂല്യങ്ങൾ നൽകുന്നുണ്ട്.

കശുവണ്ടി മേഖലയിലെ പ്രധാന പ്രതിസന്ധിയായ തോട്ടണ്ടിയുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി കശുമാവ് കൃഷി വികസന ഏജൻസിക്ക് രൂപം നൽകുകയും കശുമാവ് കൃഷി വ്യാപിപ്പിക്കുകയും ചെയ്തുവരുന്നു. കശുവണ്ടിമേഖലയിലെ പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെയും സഹകരണ സ്ഥാപനമായ കാപ്പെക്സിന്റെയും നവീകരണത്തിനും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ആധുനിക യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനും ആവശ്യമായ സാമ്പത്തിക സഹായം നൽകുന്നുണ്ട്. കശുവണ്ടി വികസന കോർപ്പറേഷന് പ്രവർത്തന മൂലധനത്തിന്റെ അഭാവം പരിഹരിക്കുന്നതിനായി സർക്കാർ സാമ്പത്തികസഹായം അനുവദിച്ചിട്ടുണ്ട്.

GPM. 2/237/2020-11

LIBRARY ARCHIVES Kerala Legislative Assembly

കയർ മേഖലയിൽ ചകിരിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി ചകിരി സംഭരിച്ച് സബ്സിഡി നിരക്കിൽ നൽകുന്നതിനായി കയർഫെഡിന് ധനസഹായം അനുവദിച്ചു. കയർപിരി ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കിവരുന്നു. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാനസൗകര്യ വികസനം ഉൾപ്പെടെയുള്ള ധനസഹായം നൽകി വരുന്നു. കയർമേഖലയിലെ സംരംഭകർക്ക് മാർജിൻമണി വായ്പ നൽകുന്നു. കയറും കയർ ഉൽപ്പന്നങ്ങളുടേയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം, പ്രത്യേക നിക്ഷേപ സഹായം പദ്ധതിയിലൂടെ സബ്സിഡി എന്നിവ നൽകുന്നു. വിലവ്യതിയാനം പരിഹരിക്കുന്നതിനായി ധനസഹായം നൽകുന്നു.

പരമ്പരാഗത വ്യവസായ മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ എന്ന പദ്ധതിക്കായി നടപ്പുസാമ്പത്തിക വർഷത്തിൽ പത്തുകോടി രൂപ സർക്കാർ വകയിരുത്തിയിട്ടുണ്ട്. കരകൗശല മേഖലയിൽ പണിയെടുക്കുന്ന വിദഗ്ധരായ തൊഴിലാളികളെ ആരോഗ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി വാർഷിക പ്രീമിയത്തിന്റെ ഒരു വിഹിതം വഹിക്കുന്നത് സർക്കാരാണ്. ഈ മേഖലയിലെ പ്രായമായ വിദഗ്ധത്തൊഴിലാളികൾക്ക് വാർദ്ധക്യകാല പെൻഷൻ പദ്ധതി നടപ്പാക്കിവരുന്നു. ദേശീയ പിന്നോക്കവിഭാഗ സാമ്പത്തിക വികസന കോർപ്പറേഷന്റെയും സംസ്ഥാന സർക്കാരിന്റെയും ആഭിമുഖ്യത്തിൽ കുറഞ്ഞ പലിശനിരക്കിൽ സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി വായ്പ അനുവദിച്ചുവരുന്നു. കരകൗശല മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങളായ കേരള കരകൗശല വികസന കോർപ്പറേഷൻ, കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവയ്ക്കും സഹകരണ സ്ഥാപനമായ സുരഭിക്കും അടിസ്ഥാനസൗകര്യവികസനം, ഉല്പ്പന്നങ്ങളുടെ മാർക്കറ്റിംഗ്, തൊഴിലധിഷ്ഠിത വൈദഗ്ധ്യ പരിശീലനം എന്നിവയ്ക്കായി സർക്കാർ സാമ്പത്തിക സഹായം നൽകി വരുന്നു. കേരള ആർട്ടിസൻസ് ഡെവല്പമെന്റ് കോർപ്പറേഷന്റെ പരിധിയിൽ വരുന്ന ആർട്ടിസാൻസ് കുടുംബങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കി ആർട്ടിസൻസ് വനിതകൾക്കായി ഒട്ടനവധി തൊഴിലധിഷ്ഠിത പരിശീലന പരിപാടികൾ വിവിധ ജില്ലകളിൽ സർക്കാരിന്റെ ധനസഹായത്തോടെ കാഡ്കോ നടത്തിവരുന്നു. ഈറ്റ-പനമ്പ് നെയ്ത്ത് മേഖലയിലെ തൊഴിലാളികൾക്കായി കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ മുഖാന്തരം മിനിമം വേതനം പദ്ധതി നടപ്പാക്കിവരുന്നു. ഈറ്റശേഖരണ വിതരണ മേഖലയുടെ നവീകരണ പ്രവർത്തനങ്ങൾക്കും ബാംബൂ ടൈൽ ഫാക്ടറിയുടെ നവീകരണത്തിനും ധനസഹായം അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഖാദിമേഖലയിൽ പ്രത്യേക തൊഴിൽദാന പദ്ധതി പ്രകാരം വിവിധ പരമ്പരാഗത വ്യവസായങ്ങൾക്ക് സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ട്. ഖാദിസഹകരണ സംഘങ്ങളേയും മറ്റ് ഖാദി സ്ഥാപനങ്ങളേയും പുനരുദ്ധരിക്കുന്നതിനായി സർക്കാർ സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്. ഖാദി തൊഴിലാളികൾക്ക് സർക്കാർ ധനസഹായത്തോടെ മിനിമം വേതനം നൽകിവരുന്നുണ്ട്. ക്ഷേമനിധി ബോർഡുവഴി പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. ഖാദിമേഖലയിലെ പ്രശ്നങ്ങൾ പഠിച്ച ശ്രീ. ഗോപിനാഥൻ നായർ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വർഷം മുഴുവൻ ഖാദിഉണിത്തരങ്ങളുടെ ചില്ലറ വിൽപ്പനയ്ക്ക് പത്ത് ശതമാനം റിബേറ്റും ഉത്സവകാലങ്ങളിൽ പത്ത് ശതമാനം അധികറിബേറ്റും നൽകിവരുന്നു. ഖാദിമേഖലയുടെ വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി ഖാദിഗ്രാമ വ്യവസായ കമ്മീഷന്റെ സഹായത്തോടുകൂടി ഖാദിവസ്ത്രങ്ങളുടെ ഡിസൈൻ ആകർഷകമാക്കുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

കൊച്ചി മെട്രോ സർവ്വീസ്

28(T*58) ശ്രീ. എം. വി. ശ്രേയാംസ് കുമാർ:
ഡോ. എൻ. ജയരാജ്:
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ സർവ്വീസ് ആരംഭിക്കുന്നതിനുള്ള പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ്, വ്യക്തമാക്കുമോ ;

(ബി) കൊച്ചി മെട്രോ സർവ്വീസ് ആരംഭിക്കുന്നത് മുന്നിൽ കണ്ടുകൊണ്ട് എന്തെല്ലാം അനുബന്ധ സജ്ജീകരണങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത് ; വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ കൊമേഴ്സ്യൽ സർവ്വീസ് എന്നു മുതൽ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) 2016 ജനുവരി 23-ന് കൊച്ചി മെട്രോ റെയിലിന്റെ ടെസ്റ്റ് റൺ വിജയകരമായി നടത്തുകയുണ്ടായി. പദ്ധതിക്ക് ആവശ്യമായ 40.409 ഹെക്ടർ ഭൂമിയിൽ ഇനി 0.026 ഹെക്ടർ ഭൂമി മാത്രമേ ഏറ്റെടുക്കാനുള്ളൂ. വയാഡക്ടിന്റെ 740 സ്പാനുകളിൽ 538 സ്പാനുകളുടെ സിവിൽ ജോലികൾ പൂർത്തിയായി കഴിഞ്ഞു.

* മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.